# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P6/349/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 11/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.എ.ഡി.സി. (ജനറൽ)

നമ്പർ: KSA/KLM/P6/349/23 തീയ്യതി: 11/04/2023

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്യുറോയി കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 24-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 24-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജികുമാർ ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ അനീഷ് വി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.റജിന എ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എം.ശിവപ്രസാദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ രാധാകൃഷ്ണ പിളള | സെക്രട്ടറി | 01-04-2021 | 11-05-2021 |
| ശ്രീ ബിന്ദു വി നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-05-2021 | 30-05-2021 |
| ശ്രീ അജയ് രാജ് എസ് | സെക്രട്ടറി | 31-05-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ജയശ്രീ ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.പത്മകുമാർ പി. | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2021 | 30-04-2021 |
| ശ്രീമതി. ദീന സുശീൽ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-05-2021 | 07-07-2021 |
| ശ്രീമതി. ബീന നാരായണൻ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 08-07-2021 | 31-03-2022 |
| ശ്രീമതി സുനില എൻ. എസ്. | അസി.എഞ്ചീനിയർ | 01-04-2021 | 31-03-2022 |
| ശ്രീ.സച്ചിൻദാസ് എസ്.ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലേഖ എം | ശിശുവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കെ.പി.ബീന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 04-10-2021 |
| ശ്രീ സുരേഷ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-10-2021 | 31-03-2022 |
| ഡോ.സുനിത | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി ഗിരിജ വി.പി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 07-11-2021 |
| ശ്രീ അൻസർ | വ്യവസായ വികസന ഓഫീസർ | 08-11-2021 | 31-03-2022 |
| ഡോ.ബിന്ദു കെ.വി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | 2021-22 വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | ജീവിതശൈലി രോഗനിയന്ത്രണപരിപാടി പദ്ധതി മാർഗ്ഗരേഖയ്ക്ക് ക്രമവിരുദ്ധം | 1-10 |
| 12 | വിവിധ പദ്ധതികൾക്കായി മരുന്ന് വാങ്ങലിന് തുക ചെലവഴിച്ചുവെങ്കിലും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. | 1-11 |
| 13 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില തിരികെ ലഭിച്ചിട്ടില്ല. | 1-12 |
| 14 | കോയിക്കൽകുളം നവീകരണം, ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് അധിക തുക നൽകി. | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 16 | പഠനമുറി - മൂല്യനിർണയസാക്ഷ്യപത്രം ഇല്ലാതെ അവസാന ഗഡു അനുവദിച്ചു 14,89,438/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 17 | സാക്ഷരതാ പ്രോജക്ടുകളുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-16 |
| 18 | ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുവാദമില്ലാത്ത പദ്ധതിക്ക് 98,825/-രൂപ അനുവദിച്ചു. | 1-17 |
| 19 | മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി നിർവഹണത്തിലെ അപാകതകൾ -10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 1,65,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – പദ്ധതി നിർവഹണത്തിൽ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം 12,129/-രൂപ അധിക സബ്സിഡി അനുവദിച്ചു. | 1-19 |
| 21 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഇല്ലാതെ സബ്സിഡി അനുവദിക്കുന്നു.-2,33,217/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 22 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി – ടാക്സ് ഇൻവോയ്സ്, അനുബന്ധ രേഖകളുടെ അഭാവം - 2,88,477/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |

| | | |
|---|---|---|
| 23 | സി.എച്ച്.സി നെടുമൺകാവ് - വാഹനം ഓടിയതിലെ അപാകത - ചെലവ് നിരാകരിക്കുന്നു. | 1-22 |
| 24 | ഐ.എ.വൈ. കോ-ഓപ്പറേറ്റീവ് ബാങ്കിലേയ്ക്കുള്ള പലിശയും മുതലും തിരിച്ചടവ് - വായ്പ തിരിച്ചടച്ച തുക സഹകരണ ബാങ്ക് വരവ് വച്ചതിൽ 1,73,432/-രൂപയുടെ കുറവ്. | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോയിക്കൽകുളം നവീകരണം, ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. | 3-1 |
| 2 | സി.എച്ച്.സി നെടുമൺകാവ് - വാഹനം ഓടിയതിലെ അപാകത - ചെലവ് നിരാകരിക്കുന്നു. | 3-2 |
| 3 | മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി നിർവഹണത്തിലെ അപാകതകൾ - 10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 19.02.2021 -ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് കമ്മിറ്റിയുടെ 23-03-2022 ലെ 1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 01.06.2022 | - | - |

### 1-2-1 2021-22 വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ

2021-22 വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. PMAY - ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പായ 1,14,47,985/-രൂപ വാർഷിക കണക്കിൽ B-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| STSB 7990114 00000924 | 1000000 + 19310751 (Resumption) 20310751/- | 7,05,038/- | 2,10,15,789/- | PMAY- 80,19,004/- Refund-9,88,800/- Contra (Jvtsb)- 6,30,000/- 96,37,804/- | STSB-10,00,000/- Resumption- 1,03,77,985/- 1,13,77,985/- |
| STSB 7990131 00000087 | 0 | 78,96,000/- | 78,96,000/- | Pmay-78,26,000/- | 70,000/- Resumption- |
| | | | ആകെ | | 1,14,47,985/- |

2. ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും PMAY പദ്ധതിക്കായി ചെലവഴിച്ച 15845004/- രൂപയുടെ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല.

3. CFC ഫണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം.

| അക്കൗണ്ട് ശീർഷകം | AFS പ്രകാരം (₹) | യഥാർത്ഥകണക്ക് (₹) | | വ്യത്യാസം (₹) |
|---|---|---|---|---|
| 320200111 – CFC Tied | 124449/- | 2021-22 വരവ് | 51,58,000/- | |
| | | ACR/സുലേഖ പ്രകാരം ചെലവ് | 50,21,865/- | |
| | | KCWWF Return | 5,951/- | |
| | | നീക്കിയിരിപ്പ് | 1,42,086/- | 17,637/- |
| 320200112-CFC Basic | 921910/- | 2021-22 വരവ് പലിശ | 34,39,000/- 77,634/- | |
| | | ACR/സുലേഖ പ്രകാരം ചെലവ് | 26,28,376/- | |
| | | KCWWF Return | 16,015/- | |
| | | നീക്കിയരിപ്പ് | 9,04,273/- | 17,637/- |

4. IAY ബാദ്ധ്യത ശീർഷകത്തിൽ രൂപയുടെ കുറവ്.

| അക്കൗണ്ട് ശീർഷകം | AFS പ്രകാരം (₹) | ( B-17)<br>പ്രകാരം ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 320100110 | 8,992/- | 3,15,721/- | |
| 320100111 | 1,00,000/- | | |
| ആകെ | 1,08,992/- | 3,15,721/- | 2,06,729/- |

5. കോവിഡ് അക്കൗണ്ട് – 450250201 – 28,600/- രൂപ അക്കൗണ്ട് ചെയ്തില്ല.

AFS പ്രകാരം കോവിഡ് അക്കൗണ്ട് – 450250201 ബാങ്ക് ബുക്ക് പ്രകാരം 2,369/-രൂപ നീക്കിയിരുപ്പ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 0 ആണ് നീക്കിയിരുപ്പ്.

04/04/2021 ൽ Resumption Reund ഇനത്തിൽ ലഭിച്ച 54,831/- രൂപയുടെയും 26/03/2022 ൽ ട്രഷറി പിൻവലിച്ച 28,600/-രൂപയുടെയും ട്രാൻസാക്ഷൻ അക്കൗണ്ട് ശീർഷകം 450250201 ൽ ഉൾപ്പെടുത്തിയില്ല.

6. എം.ജി.എൻ.ആർ.ഇ.ജി.എസ്സിനുവേണ്ടിയുള്ള ബാങ്ക് അക്കൗണ്ട് വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23,80,335/-രൂപ |
| വരവ് | 8,69,22,801/-രൂപ |
| ആകെ | 8,93,03,136/-രൂപ |
| ചെലവ് | 8,49,37,725/-രൂപ |
| നീക്കിയിരിപ്പ് | 43,65,411/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 32,920/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,13,279/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 1,84,69,709/- | 1,84,69,709/- | 1,78,69,488/- | 6,00,221/- |
| വികസന ഫണ്ട്-എസ്.സി.പി. | | 1,73,76,692/- | 1,73,76,692/- | 1,59,55,000/- | 14,21,692/- |
| മെയിന്റനൻസ്, നോൺ-റോഡ് | | 77,82,087/- | 77,82,087/- | 54,33,015/- | 23,49,072/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | | 23,78,474/- | 23,78,474/- | 16,54,065/- | 7,24,409/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി | | 5,19,970/- | 5,19,970/- | 4,33,400/- | 86,570/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് | | 51,58,000/- | 51,58,000/- | 5021865 – 5951 (Kcwwf Return) = 50,15,914/- | 136135+ Kcwwf Return 5951= 1,42,086/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് | | 3439000 + 77634 (Int)= 35,16,634/- | 35,16,634/- | 2628376 – 16015 (Kcwwf Return)= 26,12,361/- | 888258 + 16015 (Kcwwf Return)= 9,04,273/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| M.P. L.A.D | 3,33,605/- | 4,868/- | 3,38,473/- | 0 | 3,38,473/- |
| TSC | 2,81,307/- | 1,01,659/- | 3,82,966/- | 94,452/- | 2,88,514/- |
| MNREGS (Administrative Expense) | 5,82,144/- | 1,29,111/- | 7,11,255/- | 6,89,422/- | 21,833/- |
| I.A.Y (Plan) | 3,06,729/- | 8,992/- | 3,15,721/- | - | 3,15,721/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| കേരളോൽസവം | 17,663/- | - | 17,663/- | - | 17,663/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 99 | 9,09,60,972/- | 82 | 4,94,47,954/- | 3 | 14 | 82% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2023 12.10 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ഇല്ല.

## 1-8 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവഹണം നടത്തുന്നതിന് ഉതകുന്ന ഭരണ സംവിധാനം പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി ഭരണനിർവഹണം സാദ്ധ്യമാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലേയും ജാഗ്രതക്കുറവ് പ്രകടമാണ്. വികസന പ്രവർത്തനങ്ങൾക്കായും ആസ്തികളുടെ പരിപാലനത്തിനുമായി ലഭ്യമായ ഫണ്ടുകൾ വാർഷിക പദ്ധതി നിർവഹണ പ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെയും സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ

നീക്കിയിരിപ്പിന്റെയും കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നടത്തിപ്പുകളിൽ തുടർ മോണിട്ടറിംഗ് സംവിധാനം ഇല്ല. റിവോൾവിംഗ് ഫണ്ട് റികൃപ്മെന്റ് അക്കൗണ്ടുകൾക്ക് തുടർ നിരീക്ഷണം ഇല്ല.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2022-20.12.2022 | 2021-22 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.03.2017-03.04.2017 | 2011-12 To 2015-16 | 5/11/2017 |

1-10 ജീവിതശൈലി രോഗനിയന്ത്രണപരിപാടി പദ്ധതി മാർഗ്ഗരേഖയ്ക്ക് ക്രമവിരുദ്ധം

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി. എച്ച്. സി. നെടുമൺകാവ്

പദ്ധതി നം. - 48/21-22

അടങ്കൽ - 34,00,000/-രൂപ

(വികസന ഫണ്ട് 30,00,000/-രൂപ + മെയിന്റനൻസ് ഫണ്ട് നോൺ റോഡ് 4,00,000/-രൂപ)

ചെലവ് - 34,00,000/-രൂപ

(വികസന ഫണ്ട് 30,00,000/-രൂപ + മെയിന്റനൻസ് ഫണ്ട് നോൺ റോഡ് 4,00,000/-രൂപ)

| ബിൽ നമ്പർ | തുക (₹) |
|---|---|
| 2/21-22 തീയതി 17.06.21 | 3,00,800/- |
| 04/21-22 തീയതി 17.06.21 | 2,02,000/- |
| 06/21-22 തീയതി 15.07.21 | 2,02,000/- |
| 11/21-22 തീയതി 12.08.21 | 2,02,000/- |
| 13/21-22തീയതി 14.09.21 | 3,59,670/- |
| 17/21-22 തീയതി 16.10.21 | 2,22,560/- |
| 19/21-22 തീയതി 10.11.21 | 2,22,560/- |
| 22/21-22 തീയതി 08.12.21 | 2,22,710/- |
| 24/21-22 തീയതി 07.01.22 | 2,27,830/- |
| 25/21-22 തീയതി 10.02.22 | 2,22,540/- |
| 28/21-22 തീയതി 09.03.22 | 2,22,560/- |
| 30/21-22 തീയതി 26.03.22 | 2,22,560/- |
| 31/21-22 തീയതി 26.03.22 | 4,00,000/- |
| 35/21-22 തീയതി 26.03.22 | 1,70,210/- |

മെഡിക്കൽ ഓഫീസർ, സി. എച്ച്. സി. നെടുമൺകാവ് നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 48/21-22ൽ "ജീവിതശൈലി രോഗനിയന്ത്രണപരിപാടി" എന്ന പദ്ധതിയാണ് രൂപീകരിച്ച് നടപ്പാക്കിയത്. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ അടിസ്ഥാന ഉത്തരവായ സ.ഉ(കൈ) നം. 11/2018 ത.സ്വ.ഭ.വ തീ. 29.01.2018 ലെ ഖണ്ഡിക 7.7.1(4) പ്രകാരം ജീവിതശൈലി രോഗപ്രതിരോധപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനും നഗരസഭയ്ക്കും മാത്രം ഏറ്റെടുക്കാവുന്നതാണ് എന്നിരിക്കെ ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി ഏറ്റെടുത്തത് ക്രമവിരുദ്ധമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് സർക്കാരിന്റെ പ്രത്യേക ഉത്തരവ് പ്രകാരമാണെങ്കിൽ ആയത് ലഭ്യമാക്കുകയോ അല്ലെങ്കിൽ ആയതിൻമേൽ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/23.02.2023

1-11 വിവിധ പദ്ധതികൾക്കായി മരുന്ന് വാങ്ങലിന് തുക ചെലവഴിച്ചുവെങ്കിലും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നെടുമൺകാവ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം തുക മുൻകൂറായി KMSCL, IHDB എന്നിവയ്ക്ക് നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | പ്രോജക്റ്റ് അടങ്കൽ (₹) | പ്രോജക്റ്റ് ചെലവു തുക (₹) | ബിൽ നം./തീയതി | മരുന്ന് വാങ്ങലിനായി നൽകിയ തുക (₹) | മരുന്നുലഭിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|
| 46/21-22 മരുന്ന് വാങ്ങൽ | 15,00,000/-മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 15,00,000/- | 3/21-22/ 17.6.21, 9/21-22/ 15.07.21 | 15,00,000/- (KMSCL) | 1,53,147/- |
| 49/21-22 സെക്കണ്ടറി പാലിയേറ്റീവ് കെയർ | 5,00,000/- (വികസനഫണ്ട് ജനറൽ) 5,00,000/- (CFC) | 5,00,000/- (വികസനഫണ്ട്) ജനറൽ 4,99,754/- (CFC) | XVFC/21-22/P20/ 25.03.22 | 30,000/- പാലിയേറ്റീവ് കെയർ മെറ്റീരിയൽസ് (IHDB) | 30,000/- |
| ആകെ 1,83,147/-രൂപ | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിനായി മുൻകൂറായി നൽകിയെങ്കിലും ലഭ്യമാകാത്ത മരുന്നുകളുടെ തുകയായ 1,83,147/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകാത്തതിനാൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതും വീഴ്ചകൾ വിശദീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.3/23.02.2023

തടസ്സപ്പെടുത്തിയ തുക – 1,83,147/- രൂപ

1-12 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില തിരികെ ലഭിച്ചിട്ടില്ല.

ഇ -ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക (₹) |
|---|---|
| 2015 | 1,81,820/- |
| 2016 | 2,68,360/- |
| 2017 | 1,46,420/- |
| 2018 | 3,27,542/- |
| 2019 | 2,25,316/- |
| 2020 | 1,90,111/- |
| 2021 | 78,693/- |
| ആകെ | 14,18,262/- |

നിലവിൽ അസി. എക്സി.എഞ്ചിനീയറുടെ എസ്.ബി.ഐ. കൊട്ടാരക്കര ചന്തമുക്ക് ശാഖയിൽ ആരംഭിച്ച അക്കൗണ്ടിലാണ് തുക ക്രെഡിറ്റ് ചെയ്തുവരുന്നത്. ടി അക്കൗണ്ടിൽ 20-01-2023 ൽ 34,217/- രൂപ നീക്കിയിരുപ്പുണ്ട്. 2022 വർഷം അസി. എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്തുവരുന്നതുവരെ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തിട്ടുള്ള തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ജില്ലയിലെ ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെല്ലാം ടി ഇനത്തിലുള്ള തുക തിരികെ ലഭിച്ചെങ്കിലും മുൻകാല ഓഡിറ്റുകളിൽ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും തനത്ഫണ്ടായി ഉപയോഗിക്കാവുന്ന പതിനഞ്ചു ലക്ഷത്തോളം വരുന്ന തുക ലഭ്യമാക്കുവാൻ ക്രിയാത്മകമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തുടർനടപടികൾ ഇല്ലാത്തതു

വിശദീകരിക്കേണ്ടതാണ്. എത്രയും വേഗം തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം-04/23-02-2023

1-13 കോയിക്കൽകുളം നവീകരണം, ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് അധിക തുക നൽകി.

പ്രവൃത്തി-- കോയിക്കൽകുളം നവീകരണം ( SO 93/22)

അടങ്കൽ തുക - 98,771/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കരാറുകാരൻ- ശ്രീ. ഇ. നാസിം (17.5% കുറഞ്ഞ നിരക്ക്)

കരാർ-35/AE/LSGD/KTR/20-21, Dt 08-10-2020

ടി പ്രവൃത്തിയുടെ രണ്ടാ ഭാഗിക ബിൽ ടെണ്ടർ കുറവ് വരുത്താതെ തയ്യാറാക്കിയതിനാൽ കരാറുകാരന് 17,510/-രൂപാ അധികം നല്കി. വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക.

1-14 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (₹) | ബിൽ നം |
|---|---|---|---|---|
| 1 | കൊഴവുപാറ കുടിവെള്ള പദ്ധതി (112/22)<br>അടങ്കൽ തുക-700000/-രൂപ<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ഭൂജലവകുപ്പ്, ജില്ലാ ഓഫീസ്, കൊല്ലം | 7,00,000/- | 227/22-03-2022 |
| 2 | സ്വരാജ് പുരസ്കാര ഓഡിറ്റോറിയം പബ്ലിക്ക് അഡ്രസ്സിംഗ് സിസ്റ്റം (61/22)<br>അടങ്കൽ തുക-2,00,000/-രൂപ<br>(തനത്ഫണ്ട്) | പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രോണിക്സ് വിഭാഗം | 1,91,000/- | 4949368/<br>05-02-2022 |
| | | ആകെ | 8,91,000/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 8,91,000/-രൂപാ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 8,91,000/-രൂപ

ഓഡിറ്റ് അന്വേഷണം-04/23-02-2023

1-15 പഠനമുറി - മൂല്യനിർണയസാക്ഷ്യപത്രം ഇല്ലാതെ അവസാന ഗഡു അനുവദിച്ചു 14,89,438/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 36/2021-22
അടങ്കൽ- 26,00,000/-രൂപ (വികസന ഫണ്ട് -എസ്.സി.പി)
ചെലവ് -26,00,000/-രൂപ

2021-22 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ ഭാഗമായി 13 വിദ്യാർത്ഥികൾക്ക് 2,00,000/-രൂപ നിരക്കിൽ 26,00,000/- രൂപ അനുവദിച്ചു. ആയതിൽ 14,89,438/- രൂപയുടെ മൂല്യനിർണയ സാക്ഷ്യപത്രം ഹാജരാക്കാതെ ധനസഹായ തുക പൂർണമായും അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | ട്രഷറി ബിൽ | | തുക (₹) | മൂല്യനിർണയ സാക്ഷ്യപത്രം പ്രകാരമുള്ള ചെലവ് (₹) | വ്യത്യാസം (₹) |
|---|---|---|---|---|---|---|
| | | നം | തീയതി | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സിജിൽ<br>വയലിറക്കത്ത്<br>പുത്തൻ വീട്<br>നെട്ടുവത്തൂർ | 4<br>14<br>23 | 31-08-2021<br>01-12-2021<br>09-03-2022 | 50,000/-<br>75,000/-<br>75,000/- | 0 | 2,00,000/- |
| 2 | ആർച്ചദേവ്<br>സ്നേഹാലയം<br>നെട്ടുവത്തൂർ | 4<br>7<br>23 | 31-08-2021<br>08-11-2021<br>09-03-2022 | 50,000/-<br>75,000/-<br>75,000/- | 0 | 2,00,000/- |
| 3 | അക്ഷയ് മോഹൻ<br>ഇല്ലൂർ ചരുവിളതൊടിയിൽ വീട്<br>കരീപ്ര | 13<br>18<br>24 | 01/12/2021<br>22-01-2022<br>17-03-2022 | 50,000/-<br>75,000/-<br>75,000/- | 0 | 2,00,000/- |
| 4 | രാഹുൽ ആർ<br>വിളയിൽ വീട്<br>കരീപ്ര | 13<br>20<br>24 | 01/12/2021<br>19-02-2022<br>17-03-2022 | 50,000/-<br>75,000/-<br>75,000/- | 0 | 2,00,000/- |
| 5 | അശ്വിൻ അശോക്<br>വിശാഖം<br>കരീപ്ര | 13<br>20<br>24 | 01/12/2021<br>19-02-2022<br>17-03-2022 | 50,000/-<br>75,000/-<br>75,000/- | 60,000/- (09/02/2022ലെ വാല്യുവേഷൻ സർട്ടിഫിക്കേറ്റ് പ്രകാരം) | 1,40,000/- |
| 6 | അമല<br>അജിക മന്ദിരം<br>പൂയപ്പള്ളി | 04<br>17<br>22 | 31-08-2021<br>07-01-2022<br>09-03-2022 | 50,000/-<br>75,000/-<br>75,000/- | 0 | 2,00,000/- |
| 7 | അജിത്ത്<br>ആശഭവൻ<br>പൂയപ്പള്ളി | 04<br>17<br>22 | 31-08-2021<br>07-01-2022<br>09-03-2022 | 50,000/-<br>75,000/-<br>75,000/- | 50562/- ( വാല്യുവേഷൻ സർട്ടിഫിക്കേറ്റ് പ്രകാരം) | 1,49,438/- |
| 8 | ഹൃദ്യരാജ്<br>തീർത്ഥാലയം<br>വെളിയം | 06<br>20<br>24 | 07-10-2021<br>19-02-2022<br>17-03-2022 | 50,000/-<br>75,000/-<br>75,000/- | 0 | 2,00,000/- |
| | | | | | ആകെ | 14,89,438/- |

14,89,438/- രൂപയുടെ മൂല്യനിർണയ സാക്ഷ്യപത്രം ഇല്ലാതെ അവസാന ഗഡു അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/23-02-2023 ) മറുപടി ലഭ്യമാക്കാത്തതിനാൽ 14,89,438/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റന്വേഷണത്തിനു മറുപടി ലഭ്യമാക്കാത്തതിനും, മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കാതെ തുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മൂല്യനിർണയസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 14,89,438/- രൂപ

1-16 സാക്ഷരതാ പ്രോജക്ടുകളുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

1) പ്രോജക്ട്- ഗുഡ് ഇംഗ്ലീഷ് (64/22)

അടങ്കൽ തുക - 47,500/-രൂപ (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 47,500/-രൂപ, ബിൽ നം 14,/ 30-07-2021

2019-20 കാലയളവിൽ ഉൾപ്പെടുത്തിയ ഭാഷാ കോഴ്സായ ഗുഡ് ഇംഗ്ലീഷിൽ ഉൾപ്പെടുത്തി 19 പഠിതാക്കളുടെ തുകയായ 19 X 2500 = 47,500/-രൂപ കേരള സംസ്ഥാന സാക്ഷരതാമിഷൻ സമിതിക്ക് നല്കി. എന്നാൽ നിലവിൽ പത്താംതരം ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ പഠിക്കുന്നവർക്കും എട്ടാം ക്ലാസ്സ് മുതൽ ഹയർ സെക്കൻഡറി വരെ പഠിക്കുന്നവർക്കും 2,000/-രൂപ വീതം അടച്ചാൽ മതിയാകും. ഇത് സംബന്ധിച്ച് താഴെ കൊടുത്തിട്ടുള്ളവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

I) നിലവിൽ പത്താംതരം ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ പഠിക്കുന്നവരുംഎട്ടാം ക്ലാസ്സ് മുതൽ ഹയർ സെക്കൻഡറി വരെ പഠിക്കുന്നവരുമായ ഗുണഭോക്താക്കൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതു സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ ഇല്ല.

II) നാല് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് പഠിതാക്കൾക്ക് നല്കിയിട്ടില്ല.

III) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
ആയതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 47,500/-രൂപ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് - തുടർ സാക്ഷരതാ തുല്യതാ പരീക്ഷയ്ക്ക് ധനസഹായം (17/22)

അടങ്കൽ തുക – 2,00,000/-രൂപ (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ടി പ്രോജക്ടിനായി താഴെപ്പറയും പ്രകാരം സംസ്ഥാന സാക്ഷരതാ മിഷനിലേയ്ക്ക് തുക ഒടുക്കുവരുത്തിയിട്ടുണ്ട്.

| ക്ര.നം | ഇനം | തുക (₹) | ബിൽ നം |
|---|---|---|---|
| 1 | ഹയർ സെക്കൻഡറി രണ്ടാം വർഷ, പഠിതാക്കളുടെ തുക 40x2200/- | 88,000/- | 35/22-10-2021 |
| 2 | പത്താംതരം തുല്യതാ പരീക്ഷ<br>24x1850 = 4,4,400/-<br>ഹയർ സെക്കൻഡറി ഒന്നാം വർഷ, പഠിതാക്കളുടെ തുക 16x2500 = 40,000/- | 84,400/- | 47/15-02-2022 |
| 3 | ഹയർ സെക്കൻഡറി ഒന്നാം വർഷ, പഠിതാക്കളുടെ തുക 11x2500=27500/- | 27,500/- | 63/28-03-2022 |
| | ആകെ | 1,99,900/- | |

ടി തുകയിൽ പത്താംതരം തുല്യതാ പരീക്ഷ പഠിതാക്കൾക്കായി ഒടുക്കുവരുത്തിയിട്ടുള്ള 24x1850 = 44,400/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭിച്ചിട്ടുള്ളത്. കൂടാതെ ബിൽ നം. 47/15-02-2022 പ്രകാരം പിൻവലിച്ച് സാക്ഷരതാ മിഷനിൽ ഒടുക്കുവരുത്തിയിട്ടുള്ള 84400/-രൂപാ ക്രെഡിറ്റായിട്ടില്ലെന്ന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ 24-12-2022 ലെ ഇ4-1887/22/കേ.സം സാ വി അ. കത്തുപ്രകാരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഒടുക്കുവരുത്തിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ള 44,400/-രൂപ ഒഴിവാക്കി 1,55,500/- രൂപാ തടസ്സപ്പെടുത്തുന്നു.

കേരള സംസ്ഥാന സാക്ഷരതാമിഷൻ സമിതിയിൽ രണ്ടു പ്രോജക്ടുകളിലായി ഒടുക്കുവരുത്തിയിട്ടുള്ള 2,03,000/-(47500 + 155500) രൂപാ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 2,03,000/-രൂപ

ഓഡിറ്റ് അന്വേഷണം-9/23-02-2023

1-17 ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുവാദമില്ലാത്ത പദ്ധതിക്ക് 98,825/-രൂപ അനുവദിച്ചു.

പ്രോജക്ട് നം - 37/2021-22
നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ
അടങ്കൽ – 1,00,000/-രൂപ (വികസന ഫണ്ട് – എസ്. സി.പി)

ചെലവ്- 98,825/-രൂപ ബിൽ നം 03/07-10-2021

പ്രോജക്ടിന് അംഗീകാരം നൽകിയത് – ശ്രീമതി അംബിക ഇ.എസ് (ജില്ലാ പട്ടികജാതി വികസന ഓഫീസർ)

2021-22 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പഠനമുറി അനുബന്ധ സൗകര്യങ്ങൾ പദ്ധതിയുടെ ഭാഗമായി 20 വിദ്യാർത്ഥികൾക്ക് 1 മേശ, 1 കസേര എന്നിവ വാങ്ങി നൽകുന്നതിനായി ബിൽ നം 03/07-10-2021 പ്രകാരം 98,825/- രൂപ അനുവദിച്ചു (Sidco Invoice No-CLTVM/21-22/56 DT 26/08/2021). എന്നാൽ 14.02.2018 ലെ സ.ഉ.കൈ. നം. 22/2018.ത.സ്വ.ഭ.വ ഖണ്ഡിക 7.2.7 പ്രകാരം ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങുന്നതിന് 5,000/- രൂപ വരെ ധനസഹായം അനുവദിക്കാം. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ പാടില്ലാത്ത പദ്ധതിക്ക് 98,825/- രൂപ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/23-02-2023) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കാതിരുന്നതും അനുവാദമില്ലാതെ പദ്ധതി ഏറ്റെടുത്തതും വിശദീകരിക്കേണ്ടതാണ്.

1-18 മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി നിർവഹണത്തിലെ അപാകതകൾ -10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 1,65,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ – 35 (മെറിറ്റോറിയസ് സ്കോളർഷിപ്പ്)

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ -10,10,000/-രൂപ

(വികസന ഫണ്ട് എസ്.സി.പി 10,00,000/-രൂപ + ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 10,000/-രൂപ)

ചെലവ് -10,10,000/-രൂപ

(വികസന ഫണ്ട് എസ്.സി.പി 10,00,000/-രൂപ + ധനകാര്യ കമ്മീഷൻ ഗ്രാന്റ്-10,000/-രൂപ)

എ) സ്കോളർഷിപ്പ് ഇനത്തിൽ 10,000/- രൂപ അധികം അനുവദിച്ചു – ചെലവ് നിരാകരിക്കുന്നു.

ബിൽ നം 02/30-07-2021 = 1,90,000/-രൂപ

(G.N.M.) ജനറൽ നഴ്സിങ് ആൻഡ് മിഡ് വൈഫറി കോഴ്സ് ഒരു ഡിപ്ലോമ കോഴ്സ് ആകയാൽ 14.02.2018 ലെ സ.ഉ.കൈ.നം 22/2018.ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം പ്രസ്തുത കോഴ്സ് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 15,000/- രൂപ സ്കോളർഷിപ്പിനാണ് അർഹത. എന്നാൽ (G.N.M) കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് B.SC Nursing പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന 20,000/- രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചു.

| പേര് | കോഴ്സ് | അനുവദിച്ച തുക (₹) | അധികം അനുവദിച്ച തുക (₹) |
|---|---|---|---|
| മീന എം. ആർ മീന ഭവൻ ആനക്കോട്ടൂർ | 112/21/SNA- Dt.30/07/2021 Govt. School Of Nursing, Asramam പ്രകാരം 3-ാം വർഷ (G.N.M) കോഴ്സ് പഠിക്കുന്ന | 20,000/- | 5,000/- |
| അശ്വതി രാജ് കൊല്ലകുന്നിൽ കൊട്ടറ | 002/BC/susn/2020-21Dt 12-05-2021, Sri Venketeswara School Of Nursing Bengaluru പ്രകാരം 3-ാം വർഷ (G.N.M) കോഴ്സ് പഠിക്കുന്ന | 20,000/- | 5,000/- |
| | | ആകെ | 10,000/- |

അർഹതപ്പെട്ടതിലും അധികമായി- 10,000/-രൂപ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/23-02-2023) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 10,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കു വരുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ബി ) കോഴ്സ് സർട്ടിഫിക്കറ്റില്ലാതെ 1,65,000/-രൂപയുടെ സ്കോളർഷിപ്പ് അനുവദിച്ചു - ചെലവ് തടസ്സപ്പെടുത്തുന്നു

14.02.2018 ലെ സ.ഉ.കൈ.നം 22/2018.ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കുന്ന സ്ഥാപനത്തിലെ മേധാവി നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്. എന്നാൽ കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കോളർഷിപ്പ് അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ബിൽ നം 01/12-07-2021 = 5,00,000/-രൂപ

| പേര് | തുക (₹) |
|---|---|
| ശ്രീക്കുട്ടൻ, ശ്രീഹരി, കടിക്കോട് | 25,000/- |
| ശരൺശിവ, തെക്കേവിള കിഴക്കതിൽ, നെടുവത്തൂർ | 30,000/- |
| സുമിത, മുള്ളുവിള പടിഞ്ഞാറ്റതിൽ, കരീപ്ര | 30,000/- |
| ആവണി എസ്, സുനിത ഭവൻ, കരീപ്ര | 30,000/- |
| മോനിഷ എസ് മോഹൻ, മോഹന മന്ദിരം, എഴുകോൺ | 25,000/- |
| കീർത്തന ജി, ഗീതാലയം, എഴുകോൺ | 25,000/- |
| ആകെ | 1,65,000/- |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/23-02-2023) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,65,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,65,000/-രൂപ

1-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – പദ്ധതി നിർവഹണത്തിൽ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം 12,129/-രൂപ അധിക സബ്സിഡി അനുവദിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ ജി.ഒ (എം.എസ്) 22/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.8 ൽ താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ് ക്ഷീര കർഷകന് സബ്സിഡി അനുവദിക്കാവുന്നത്.

1. ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ).

2. സംയുക്തമായോ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുമായോ പദ്ധതി നടപ്പാക്കാം.

മേൽ വ്യവസ്ഥകൾ പ്രകാരം പാലിന് സബ്സിഡി അനുവദിക്കുമ്പോൾ ക്ഷീര വികസന വകുപ്പ് നൽകുന്ന 1/- രൂപ പദ്ധതി നിർവ്വഹണത്തിന് ലഭിക്കാറില്ല. അതിനാൽ തന്നെ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ നൽകുന്ന തുക കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. ഗ്രാമ പഞ്ചായത്ത് ഡയറി ഫാം ഇൻസ്ട്രക്ടർ വഴി പദ്ധതി നടപ്പാക്കുമ്പോൾ ഡയറി എക്സ്റ്റൻഷൻ ഓഫീസർ വഴിയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നത്. മേൽ പദ്ധതി വഴി ഒരു വർഷം ക്ഷീര കർഷന് പരമാവധി ₹40,000/- ആണ് അനുവദിക്കേണ്ടത് എങ്കിലും ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മ മൂലം പല വ്യക്തികൾക്കും സബ്സിഡി പരിധി അതിലംഘിച്ച് തുക അനുവദിക്കുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം 13/22

ബിൽ നം 03/17-11-2022= 168148/-രൂപ

മേൽ ബിൽ പ്രകാരം 12,133/-രൂപ ധന സഹായം ലഭിച്ച ശ്രീ. ഷൈജു ജബ്ബാറിന് 2021-22 സാമ്പത്തിക വർഷം പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിന്നും 38,629/- രൂപ ഉൾപ്പടെ 52,129/- രൂപ സബ്സിഡിയായി ലഭിച്ചു.

വെബ് സാംഖ്യ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| പേര്<br>ബാങ്ക് അക്കൗണ്ട് | തദ്ദേശ സ്ഥാപനം | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥ | ബിൽ ഐ.ഡി | തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഷൈജു ജബ്ബാർ ഷൈലജ മൻസിൽ കാനറ ബാങ്ക്, ഓയൂർ (IFSC:CNRB0004668) - 4668101003572 | പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | ശശികല.എസ് ഡയറി ഫാം ഇൻസ്ട്രക്ടർ | 21040952 01060090 0660 | 13,500/- |
| | പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | ശശികല.എസ് ഡയറി ഫാം ഇൻസ്ട്രക്ടർ | 210409 520106 00826811 | 26,496/- |
| | കൊട്ടാരക്കര ബ്ലാക്ക് പഞ്ചായത്ത് | ക്ഷീര സഹകരണസംഘങ്ങൾ വഴി പാലിന് ഇൻസെന്റീവ് | സുരേഷ്.എൻ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2104016 306340 0927609 | 12,133/- |
| | | | | ആകെ | 52,129/- |

അധികം അനുവദിച്ച തുക = 12,129/-രൂപ

പദ്ധതി നിർവഹണത്തിൽ ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം 12,129/- രൂപ അധിക സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/23-02-2023) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 12,129/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 12,129/- രൂപ അധികമായി വിതരണം ചെയ്തതിന് ഉത്തരവാദിയെ നിർണയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അധികമായി അനുവദിച്ച 12,129/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 12,129/- രൂപ

1-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഇല്ലാതെ സബ്സിഡി അനുവദിക്കുന്നു.- 2,33,217/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 13/2022

നിർവഹണ ഉദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക – 10,00,000/-രൂപ ( (വികസന ഫണ്ട്)

ചെലവ് – 10,00,000/-രൂപ

ക്ഷീര സംഘങ്ങളിൽ ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ്, ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ട് വിശദാംശം എന്നിവയുടെ അടിസ്ഥാനത്തിലാണ് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കേണ്ടത്. താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം സബ്സിഡി വിതരണം ചെയ്യുന്നതിന് ആധാരമാക്കിയ ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകളിൽ പ്രസ്തുത ബില്ലുകൾക്കൊപ്പം ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ വിശദാംശം | പ്രതിമാസ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്ത ക്ഷീര സംഘം | ആധികാരികത ഉറപ്പാക്കാൻ കഴിയാത്ത ചെലവ് തുക (രൂപ) |
|---|---|---|---|
| 1 | 1/17-1-2022 = 239530 | കടിക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | 34,260/- |
| | | മടന്തകോട് ക്ഷീരോത്പാദക സഹകരണ സംഘം | 49,776/- |
| | | കടയ്ക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | 54,379/- |
| | | വാക്കനാട് ക്ഷീരോത്പാദക സഹകരണ സംഘം | 52,511/- |
| 2 | 2/17-01-2022 =204017/- | വെളിയം വെസ്റ്റ് ക്ഷീരോത്പാദക സഹകരണ സംഘം | 42,291/- |
| | | ആകെ | 2,33,217/- |

ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഇല്ലാതെ സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/24-02-2023) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 2,33,217/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,33,217/-രൂപ

1-21 കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി – ടാക്സ് ഇൻവോയ്സ്, അനുബന്ധ രേഖകളുടെ അഭാവം - 2,88,477/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 14/2022

നിർവഹണ ഉദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക – 44,77,722/-രൂപ,

( 22,38,861/-രൂപ ( (വികസന ഫണ്ട്) + 22,38,861/-രൂപ ഗുണഭോക്തൃവിഹിതം നേരിട്ട്)

ചെലവ് –22,37,920/-രൂപ

കേരള ഫീഡ്സ് കാലിത്തീറ്റ ചാക്ക് 1 ന് 1,345/-രൂപ നിരക്കിലും KCMMF ന്റെ ഗോമതി കാലിത്തീറ്റ 1,300/-രൂപ നിരക്കിലും വാങ്ങി ക്ഷീര സംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് നൽകാനും ആയതിന് 50% ഗുണഭോക്തൃവിഹിതം ക്ഷീരകർഷകർ ക്ഷീര സംഘങ്ങളിൽ ഒടുക്കുകയും, ബാക്കി 50% തുക സബ്സിഡിയായി കേരള ഫീഡ്സ്, KCMMF എന്നീ സ്ഥാപനങ്ങൾക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസർ അനുവദിക്കുന്നതിനും വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 2,88,477/-രൂപ സബ്സിഡി വിതരണം ചെയ്തതിനെ സാധൂകരിക്കുന്ന ടാക്സ് ഇൻവോയ്സ്, അനുബന്ധ രേഖകൾ പ്രസ്തുത ബില്ലുകൾക്കൊപ്പം ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ വിശദാംശം | ടാകസ് ഇൻവോയ്സ് , അനുബന്ധ രേഖകൾ ഹാജരാക്കാത്ത ക്ഷീര സംഘം | ആധികാരികത ഉറപ്പാക്കാൻ കഴിയാത്ത സബ്സിഡി തുക (രൂപ) |
|---|---|---|---|
| 1 | 8/18-1-2022 = 89700 | കുടിക്കോട് ക്ഷീരോത്പാദക സഹകരണ സംഘം വഴി KCMMF ന്റെ ഗോമതി കാലിത്തീറ്റ 90 ചാക്ക് വിതരണം ചെയ്തതിന്റെ ടാക്സ് ഇൻവോയ്സ് , വിതരണ വിവരം എന്നിവ ഫയലിലില്ല. (90*1300 = 1,17,000/-രൂപ) | 58,500/- |
| 2 | 18/19-02-2023 = 20175 | വെമ്മണ്ണൂർ ക്ഷീരോത്പാദക സഹകരണ സംഘം വഴി കേരള ഫീഡ്സ് കാലിത്തീറ്റ 30 ചാക്ക് വിതരണം ചെയ്തതിന്റെ (Invoice No.- KFLP1-21-22052909 DT23/02 /2022), വിതരണവിവരം എന്നിവ ഫയലിലില്ല. (30*1345=40,350/-രൂപ) | 20,175/- |
| 3 | 27/27-03-2022 =362245 | കടയ്ക്കോട് ക്ഷീരോത്പാദക സഹകരണ സംഘം വഴി കേരള ഫീഡ്സ് കാലിത്തീറ്റ 60 ചാക്ക് വിതരണം ചെയ്തതിന്റെ ടാക്സ് ഇൻവോയ്സ്, വിതരണ വിവരം എന്നിവ ഫയലിലില്ല (60*1345 = 80,700/-രൂപ) | 40,350/- |
| 4 | | വെമ്മണ്ണൂർ ക്ഷീരോത്പാദക സഹകരണ സംഘം വഴി കേരള ഫീഡ്സ് കാലിത്തീറ്റ 20 ചാക്ക് വിതരണം ചെയ്തതിന്റെ (Invoice No.- KFLP1-21-22 055758 DT30/03 /2022), വിതരണ വിവരം ഫയലിലില്ല (20*1345=26,900/-രൂപ) | 13,450/- |

| | | | |
|---|---|---|---|
| 5 | | കുഴിമതിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം വഴി കേരള ഫീഡ്സ് കാലിത്തീറ്റ 20 ചാക്ക് വിതരണം ചെയ്തതിന്റെ (Invoice No.- KFLP1-21-22 055757 DT30/03 /2022), വിതരണ വിവരം ഫയലിലില്ല (30*1345=40,350/-രൂപ) | 20,157/- |
| 6 | | വെളിയം ക്ഷീരോത്പാദക സഹകരണ സംഘം വഴി കേരള ഫീഡ്സ് കാലിത്തീറ്റ 80 ചാക്ക് വിതരണം ചെയ്തതിന്റെ (Invoice No.- KFLP1-21-22 058759 DT30/03/2022), വിതരണവിവരം ഫയലിലില്ല (80*1345=10,760/-രൂപ) | 53,800/- |
| 7 | | എഴുകോൺ ക്ഷീരോത്പാദക സഹകരണ സംഘം വഴി കേരള ഫീഡ്സ് കാലിത്തീറ്റ 44 ചാക്ക് വിതരണം ചെയ്തതിന്റെ (Invoice No.- KFLP1-21-22 058760 DT30/03 /2022), വിതരണവിവരം ഫയലിലില്ല (44*1345=59,180/-രൂപ) | 29,590/- |
| 8 | | വെളിയം ക്ഷീരോത്പാദക സഹകരണ സംഘം വഴി കേരള ഫീഡ്സ് കാലിത്തീറ്റ 78 ചാക്ക് വിതരണം ചെയ്തതിന്റെ ഇൻവേയ്സ് വിതരണ വിവരം ഫയലിലില്ല (78*1345 = 1,04,910/-രൂപ) | 52,455/- |
| | | ആകെ | 2,88,477/- |

ടാക്സ് ഇൻവോയ്സ്, വിതരണവിവരം എന്നിവ ഇല്ലാതെ സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/24-02-2023) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 2,88,477/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,88,477/-രൂപ

1-22 സി.എച്ച്.സി നെടുമൺകാവ് - വാഹനം ഓടിയതിലെ അപാകത - ചെലവ് നിരാകരിക്കുന്നു.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നെടുമൺകാവ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് (49/21-22) ശ്രീ. അരുൺകുമാർ അരുൺ ഭവൻ, നെടുമൺകാവ് എന്ന വ്യക്തിയുടെ വാഹനം (KL02AQ 3086) ദിവസം 9.30 എ എം മുതൽ 4.30 പി എം വരെ 1,100/- രൂപ നിരക്കിൽ ഓടിക്കൊള്ളാം എന്ന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. സെക്കൻഡറി പാലിയേറ്റീവ് പദ്ധതിയിലേക്ക് വാഹനം ഓടിയ ദിവസങ്ങളിൽ തന്നെ സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായി KL02AQ 3086 എന്ന വാഹനം ഓടിയതായി Waybill സമർപ്പിച്ച് തുക കൈപ്പറ്റിയിരിക്കുന്നു. 16.6.21, 17.6.21, 24.6.21, 17.7.21, 22.7.21, 24.7.21, 28.7.21, 12.8.21 എന്നീ ദിവസങ്ങളിൽ സെക്കൻഡറി പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായും സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായും ഓടിയതായി കാണിച്ച് തുക കൈപ്പറ്റിയിരിക്കുന്നു. സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായി KL01 9008 എന്ന വാഹനം സ്വന്തമായിട്ടുണ്ട്. മറ്റ് ദിവസങ്ങളിൽ സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് ഓടിയതായി Waybill ൽ കാണിച്ചിരിക്കുന്ന കിലോമീറ്ററുകൾ കാണിച്ചാണ് തുക കൈപ്പറ്റിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CHC പ്രവർത്തനങ്ങൾക്കായി വാഹനം ഓടിയ വിവരങ്ങൾ | | | | | സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് വാഹനം ഓടിയ വിവരങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|
| തീയതി | കി മീ | സമയം | തുക (₹) | ബിൽ | തീയതി | കി മീ | സമയം | തുക (₹) | ബിൽ |
| 16.6.21 | 59276-59320 | 2.30 Pm-5.30 Pm | 1,150/- | 8/21-22 15.7.21 | 16.6.21 | 59315 - 59373 | 9.30 Am-4.30 | 1,100/- | 7/21-22/ 15.07.21 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | Pm | | |
| 17.6.21 | 59320-59326 | 9.15 Am-1.0 Pm | 400/- | | 17.6.21 | 59375 - 59438 | 9.30 Am-4.30 Pm | 1,100/- | |
| 24.6.21 | 59440-59446 | 9.15 Am-1.30 Pm | 400/- | | 24.6.21 | 59569-59627 | 9.30 Am-4.30 Pm | 1,100/- | |
| 17.7.21 | 59707-59720 | 9.30 Am-10.15 Am | 660/- | 16/21-22 16. 10.21 | 17.7.21 | 59975 - 60033 | 9.30 Am-4.30 Pm | 1,100/- | 12/21-22/ 12.08.21 |
| | 59758-59771 | 12.45 Pm-1.15 Pm | | | | | | | |
| 22.7.21 | 59803-59864 | 7.30 Am-10.30 Am | 1300/- | | 22.7.21 | 60115- 60170 | 9.30 Am-4.30 Pm | 1,100/- | |
| | 59885 -59889 | 2 Pm-2.15 Pm | 200/- | | | | | | |
| 24.7.21 | 59999-60010 | 9.30 Am-10.30 Pm | 660/- | | 24.7.21 | 60170- 60225 | 9.30 Am-4.30 Pm | 1,100/- | |
| 28.7.21 | 60082-60097 | 9.30 Am-10.30 Pm | 940/- | | 28.7.21 | 60240-60295 | 9.30 Am-4.30 Pm | 1,100/- | |
| | | 1 Pm - 1.30 Pm | | | | | | | |
| 12.8.21 | 60436-60439 | 1.30 Am-1.45 Pm | 200/- | | 12.8.21 | 60435-60492 | 9.30 Am-4.30 Pm | 1,100/- | 15/21-22 / 27.09.21 |
| അധികമായി വാങ്ങിയ തുക 5,910/- രൂപ | | | | | | | | | |

സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായി KL02AQ 3086 എന്ന വാഹനം ഓടിയതായി Waybill ൽ കാണിച്ചിരിക്കുന്ന കിലോമീറ്ററുകൾ സെക്കൻഡറി പാലിയേറ്റീവ് പദ്ധതിയിലേക്ക് മറ്റ് ദിവസങ്ങളിൽ വാഹനം ഓടിയതായി കാണിച്ച് Waybill സമർപ്പിച്ചിട്ടുണ്ട്. സെക്കൻഡറി പാലിയേറ്റീവ് പദ്ധതിയിലേക്ക് വാഹനം ഓടിയ ദിവസങ്ങളിൽ തന്നെ സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായി KL-02AQ 3086 എന്ന വാഹനം ഓടിയതായി Waybill സമർപ്പിച്ച് 5,910/-രൂപ അധികമായി കൈപ്പറ്റിയിരിക്കുന്നു. അധികമായി കൈപ്പറ്റിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി കൈപ്പറ്റിയ 5,910/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 1/23.02.23

നിരാകരിച്ച തുക - 5,910/-രൂപ

1-23 ഐ.എ.വൈ. കോ-ഓപ്പറേറ്റീവ് ബാങ്കിലേയ്ക്കുള്ള പലിശയും മുതലും തിരിച്ചടവ് - വായ്പ തിരിച്ചടച്ച തുക സഹകരണ ബാങ്ക് വരവ് വച്ചതിൽ 1,73,432/-രൂപയുടെ കുറവ്.

പ്രോജക്ട് 32 – ഐ.എ.വൈ. കോ - ഓപ്പറേറ്റീവ് ബാങ്കിലേയ്ക്കുള്ള പലിശയും മുതലും തിരിച്ചടവ്
നിർവ്വഹണ ഉദ്യോഗസ്ഥൻ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2021-22 വർഷം നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഒടുക്കു വരുത്തിയ തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽനം./തീയതി | തുക (₹) |
|---|---|
| 6 - 25/06/2021 | 5,00,000/- |
| 60 – 23/03/2022 | 43,396/- |
| 54 - 21/03/2022 | 3,26,194/- |
| 67- 27/03/2022 | 3,00,000/- |
| ആകെ | 11,69,590 /- |

ഐ.എ.വൈ. ഭവനപദ്ധതിയുടെ ഭാഗമായി ലോൺ എടുക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സ.ഉ.(എം.എസ്)നം.90/13.ത.സ്വ.ഭ.വ. തീ. 14-03-2013 പ്രകാരം സർക്കാർ അനുവദിക്കുകയും വായ്പാത്തുക ബ്ലോക്ക് പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കണമെന്നും 11.25% വരെയുള്ള പലിശ സർക്കാർ വഹിക്കുന്നതാണെന്നും സ.ഉ.(കൈ)193/13.ത.സ്വ.ഭ.വ. തീ. 24-05-2013 ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്തതിനെ ആധാരമാക്കി കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന് 1,13,31,248/-രൂപയുടെ വായ്പ നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് 12% പലിശ നിരക്കിൽ അനുവദിക്കുകയും, ഇതിൽ1,07,20,488/ രൂപ വായ്പയായി സ്വീകരിക്കുകയും ചെയ്തു. വായ്പ തിരിച്ചടവിൽ വന്ന അപാകത ചുവടെ ചേർക്കുന്നു.

1). വായ്പ തിരിച്ചടച്ച തുക സഹകരണ ബാങ്ക് വരവ് വച്ചതിൽ 1,73,432/- രൂപയുടെ കുറവ്

നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് 7 ഗഡുക്കളായി അനുവദിച്ച വായ്പ 7 ലോൺ ലെഡ്ജറായി പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത് വായ്പ ഇനത്തിൽ ഒടുക്കിയ തുക 7 ലോൺ ലെഡ്ജറിൽ വരവ് വയ്ക്കുന്നു .ബ്ലോക്ക് പഞ്ചായത്ത് 2021-22 വരെ തിരിച്ചടച്ച വായ്പ തുകയും ആയത് നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് 07 ലോൺ ലെഡ്ജറുകളിലായി വരവ് സ്വീകരിച്ചതും തമ്മിൽ 1,73,432/-രൂപയുടെ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പ ഗഡു നം/തീയതി | വായ്പ തുക (₹) | ബ്ലോക്ക് പഞ്ചായത്ത് ഒടുക്കിയ തുക (₹) സർവ്വീസ് സഹകരണ ബാങ്ക് വായ്പ ലെഡ്ജറിൽ വരവ് സ്വീകരിച്ച രീതി | | | |
|---|---|---|---|---|---|
| | | തീയതി | പലിശ (₹) | മുതൽ (₹) | ആകെ (₹) |
| 1-ഗഡു 03-07-2013 | 463360/- | 15/12/2014 | 75,070/- | | 75,070/- |
| | | 04/05/2015 | 24,930/- | | 24,930/- |
| | | 23/01/2017 | 75,000/- | | 75,000/- |
| | | 21/06/2018 | | 4,00,000/- | 4,00,000/- |
| | | 26/03/2019 | 1,07,131/- | | 107131/- |
| | | ആകെ | 2,82,131 /- | 4,00,000 /- | 6,82,131 /- |
| 2-ാം ഗഡു 20/07/2013 | 1478532/- | 28/03/2016 | 75,000/- | | 75,000/- |
| | | 30/06/2017 | | 7,00,000/- | 7,00,000/- |
| | | 21/06/2018 | | 7,05,000/- | 7,05,000/- |
| | | 24/12/2018 | 7,21,076/- | | 721076/- |
| | | ആകെ | 7,96,076 /- | 14,05,000 /- | 22,01,076 /- |
| 3--ാം ഗഡു 30/07/2013 | 2038784/- | 24/12/2018 | 8,79,060/- | | 8,79,060/- |
| | | 26/03/2019 | 5,05,079/- | | 5,05,079/- |
| | | ആകെ | 13,84,139 /- | | 13,84,139 /- |

| | | | | | |
|---|---|---|---|---|---|
| 4-ാം ഗഡു 08/10/2013 | 568692/- | 26/03/2019 | 3,73,000/- | | 3,73,000/- |
| | | ആകെ | 3,73,000 /- | | 3,73,000 /- |
| 5-ാം ഗഡു 17/12/2013 | 3249850/- | 26/03/2019 | 7,84,680/- | | 784680/- |
| | | 30/03/2019 | 3,52,152/- | | 3,52,152/- |
| | | 18/07/2019 | 7,36,200/- | | 736200/- |
| | | 16/03/2020 | 5,14,015/- | | 5,14,015/- |
| | | 21/03/2022 | 3,26,194/- | | 3,26,194/- |
| | | 30/03/2022 | 3,00,000/- | | 3,00,000/- |
| | | ആകെ | 30,13,241 /- | | 30,13,241 /- |
| 6-ാം ഗഡു 27/03/2014 | 1786032/- | 26/06/2020 | 5,00,000/- | | 5,00,000/- |
| | | 23/03/2022 | 43,396/- | | 43,396/- |
| | | ആകെ | 5,43,396 /- | | 5,43,396 /- |
| 7-ാം ഗഡു 17/12/2013 | 1135218/- | 30/06/2021 | 60,275/- | 4,39,725/- | 4,39,725/- |
| | | ആകെ | 60,275 /- | 4,39,725 /- | 5,00,000 /- |
| 31/03/2022 വരെ വരവ് വച്ച തുക | | | 64,52,258 /- | 22,44,725 /- | 86,96,983 /- |

ബ്ലോക്ക് പഞ്ചായത്ത് 2021-22 വരെ തിരിച്ചടച്ച വായ്പ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തിരിച്ചടച്ച തുക (₹) |
|---|---|
| 2015-16 | 75,000/- |
| 2016-17 | 75,000/- |
| 2017-18 | 9,73,432/- |
| 2018-19 | 7,02,520/- |
| | 15,97,828/- |
| | 3,52,152/- |
| | 8,97,616/- |
| | 1,72,062/- |
| | 11,05,000/- |
| 2019-20 | 1,39,144/- |
| | 7,36,200/- |
| | 3,74,871/- |
| 2020-21 | 5,00,000/- |
| 2021-22 | 5,00,000/- |
| | 43,396/- |
| | 3,00,000/- |
| | 3,26,194/- |
| ആകെ | 88,70,415 /- |

വ്യത്യാസം - 1,73,432/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വായപ ഇനത്തിൽ ഒടുക്കിയ തുകയും ആയത് നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ഏഴ് ലോൺ ലെഡ്ജറുകളിലായി വരവ് സ്വീകരിച്ചതും തമ്മിൽ 1,73,432/-രൂപയുടെ വ്യത്യാസം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2). കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പലിശ കണക്കാക്കുന്നത് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വായ്പാത്തുകയും 0.75% നിരക്കിൽ മാത്രം പലിശയും ഗഡുക്കളായി ഈടാക്കുന്നതിനു പകരം 12% നിരക്കിലാണ് ബാങ്ക് പലിശ ഈടാക്കിയിരിക്കുന്നത്. 2021-22 സാമ്പത്തിക വർഷം ഒടുക്കിയ 11,69,590/- രൂപയിൽ 4,39,725/- രൂപ മാത്രമാണ് മുതലിൽ വകയിരുത്തിയത് ബാക്കി 7,29,865/-രൂപ പലിശയിനത്തിലാണ് കുറവു വരുത്തിയിരിക്കുന്നത്.

സഹകരണ ബാങ്ക് 12% പലിശ നിരക്കിൽ അനുവദിച്ച വായ്പയുടെ പലിശ ഇനത്തിൽ സർക്കാർ ഒടുക്കേണ്ട 11.25% ഒഴികെയുള്ള 0.75% പലിശ ഒടുക്കുന്നതിന് മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ബാദ്ധ്യസ്ഥമായിരിക്കുന്നത്. തിരിച്ചടവ് തുക വകയിരുത്തുന്നതിൽ വന്ന അഭിപ്രായവ്യത്യാസം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരാൻ നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 16/24-02-2023

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോയിക്കൽകുളം നവീകരണം, ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല.

പ്രവൃത്തി-- കോയിക്കൽകുളം നവീകരണം ( SO 93/22)

അടങ്കൽ തുക- 98,771/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കരാറുകാരൻ- ശ്രീ. ഇ. നാസിം (17.5% കുറഞ്ഞ നിരക്ക്)

കരാർ – 35/AE/LSGD/KTR/20-21, Dt 08-10-2020

ടി പ്രവൃത്തിയുടെ രണ്ടാം ഭാഗിക ബിൽ താഴെ കൊടുത്തിരിക്കും പ്രകാരം തയ്യാറാക്കി കരാറുകാരന് തുക നല്കിയിരിക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 3,15,705.60/-രൂപ |
| (-)ഒന്നാം ഭാഗിക ബിൽ | 2,28,919/-രൂപ |
| | 86,787/-രൂപ |
| ( +) ജി എസ് ടി 12% | 10,414/-രൂപ |
| | 97,201/-രൂപ |

ബിൽ നം 32/31-03-2022 പ്രകാരം തുക പിൻവലിച്ചിരിക്കുന്നു.

എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടർ കുറവ് പരിഗണിച്ചിട്ടില്ല. തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 3,15,705.60/-രൂപ |
| (-)ഒന്നാം ഭാഗിക ബിൽ | 2,28,919/-രൂപ |
| രണ്ടാം ഭാഗിക ബിൽ തുക | 86,787/-രൂപ |
| (-) ടെണ്ടർ കുറവ് (17.5%) | 15,188/-രൂപ |
| രണ്ടാം ഭാഗിക ബിൽ | 71,599/-രൂപ |
| ( +) ജി എസ് ടി 12% | 8,592/-രൂപ |
| രണ്ടാം ഭാഗിക ബിൽ | 80,191/-രൂപ |

അധികം ചെലവഴിച്ച തുക - 97201 - 80191 = 17,010/-രൂപ.

ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ടി പ്രവൃത്തിയുടെ ഒന്നാം ഭാഗികബിൽ ക്രമപ്രകാരം തന്നെയാണ് തയ്യാറാക്കിയിട്ടുള്ളത്.

കൂടാതെ 08-10-2020 ൽ കരാർ വച്ചിട്ടുള്ളതും പൂർത്തീകരണ കാലാവധി 6 മാസം ഉള്ളതുമായ ടി പ്രവൃത്തി നിലവിൽ പൂർത്തീകരിച്ച് അന്തിമ ബിൽ തുക നല്കുകയോ തുടർ വർഷത്തിലെ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 05, /23-02-2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

നിരാകരിച്ച തുക – 17,010/-രൂപ.

ഓഡിറ്റ് അന്വേഷണം - 05/23-02-2023

### 3-2 സി.എച്ച്.സി നെടുമങ്കാവ് - വാഹനം ഓടിയതിലെ അപാകത - ചെലവ് നിരാകരിക്കുന്നു.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നെടുമങ്കാവ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് (49/21-22) ശ്രീ. അരുൺകുമാർ അരുൺ ഭവൻ, നെടുമങ്കാവ് എന്ന വ്യക്തിയുടെ വാഹനം (KL02AQ 3086)ദിവസം 9.30എ എം മുതൽ 4.30 പി എം വരെ 1100/- രൂപ നിരക്കിൽ ഓടിക്കൊള്ളാം എന്ന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. സെക്കൻഡറി പാലിയേറ്റീവ് പദ്ധതിയിലേക്ക് വാഹനം ഓടിയ ദിവസങ്ങളിൽ തന്നെ സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായി KL02AQ 3086 എന്ന വാഹനം ഓടിയതായി Waybill സമർപ്പിച്ച് തുക കൈപ്പറ്റിയിരിക്കുന്നു. 16.6.21, 17.6.21, 24.6.21, 17.7.21, 22.7.21, 24.7.21, 28.7.21, 12.8.21 എന്നീ ദിവസങ്ങളിൽ സെക്കൻഡറി പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായും സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായും ഓടിയതായി കാണിച്ച് തുക കൈപ്പറ്റിയിരിക്കുന്നു.സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായി KL01 9008 എന്ന വാഹനം സ്വന്തമായിട്ടുണ്ട്. മറ്റ് ദിവസങ്ങളിൽ സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് ഓടിയതായി Waybill ൽ കാണിച്ചിരിക്കുന്ന കിലോമീറ്ററുകൾ കാണിച്ചാണ് തുക കൈപ്പറ്റിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CHC പ്രവർത്തനങ്ങൾക്കായി വാഹനം ഓടിയ വിവരങ്ങൾ | | | | | സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് വാഹനം ഓടിയ വിവരങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|
| തീയതി | കി മീ | സമയം | തുക (₹) | ബിൽ | തീയതി | കി മീ | സമയം | തുക (₹) | ബിൽ |
| 16.6.21 | 59276-59320 | 2.30 Pm-5.30 Pm | 1,150/- | 8/21-22 15.7.21 | 16.6.21 | 59315 -59373 | 9.30 Am-4.30 Pm | 1,100/- | 7/21-22/ 15.07.21 |
| 17.6.21 | 59320-59326 | 9.15 Am-1.0 Pm | 400/- | | 17.6.21 | 59375 -59438 | 9.30 Am-4.30 Pm | 1,100/- | |
| 24.6.21 | 59440-59446 | 9.15 Am-1.30 Pm | 400/- | | 24.6.21 | 59569-59627 | 9.30 Am-4.30 Pm | 1,100/- | |
| 17.7.21 | 59707-59720 | 9.30 Am-10.15 Am | 660/- | 16/21-22 16. 10.21 | 17.7.21 | 59975 -60033 | 9.30 Am-4.30 Pm | 1,100/- | 12/21-22/ 12.08.21 |
| | 59758-59771 | 12.45 Pm-1.15 Pm | | | | | | | |
| 22.7.21 | 59803-59864 | 7.30 Am-10.30 Am | 1300/- | | 22.7.21 | 60115- 60170 | 9.30 Am-4.30 | 1,100/- | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 59885 -59889 | 2 Pm-2.15 Pm | 200/- | | | Pm | | |
| 24.7.21 | 59999-60010 | 9.30 Am-10.30 Pm | 660/- | 24.7.21 | 60170- 60225 | 9.30 Am-4.30 Pm | 1,100/- | |
| 28.7.21 | 60082-60097 | 9.30 Am-10.30 Pm<br>1 Pm - 1.30 Pm | 940/- | 28.7.21 | 60240-60295 | 9.30 Am-4.30 Pm | 1,100/- | |
| 12.8.21 | 60436-60439 | 1.30 Am-1.45 Pm | 200/- | 12.8.21 | 60435-60492 | 9.30 Am-4.30 Pm | 1,100/- | 15/21-22/ 27.09.21 |
| അധികമായി വാങ്ങിയ തുക 5,910/- രൂപ | | | | | | | | |

സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായി KL02AQ 3086 ഓടിയതായി Waybill ൽ കാണിച്ചിരിക്കുന്ന കിലോമീറ്ററുകൾ സെക്കൻഡറി പാലിയേറ്റീവ് പദ്ധതിയിലേക്ക് മറ്റ് ദിവസങ്ങളിൽ വാഹനം ഓടിയതായി കാണിച്ച് Waybill സമർപ്പിച്ചിട്ടുണ്ട്. സെക്കൻഡറി പാലിയേറ്റീവ് പദ്ധതിയിലേക്ക് വാഹനം ഓടിയ ദിവസങ്ങളിൽ തന്നെ സി എച്ച് സിയുടെ പ്രവർത്തനങ്ങൾക്കായി KL02AQ 3086 വാഹനം ഓടിയതായി Waybill സമർപ്പിച്ച് 5,910/-രൂപ അധികമായി കൈപ്പറ്റിയിരിക്കുന്നു. അധികമായി കൈപ്പറ്റിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി കൈപ്പറ്റിയ 5,910/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 1/23.02.23

നിരാകരിച്ച തുക - 5,910/-രൂപ

3-3 മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി നിർവഹണത്തിലെ അപാകതകൾ - 10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ – 35 (മെറിറ്റോറിയസ് സ്കോളർഷിപ്പ്)

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ – 10,10,000/-രൂപ

(വികസന ഫണ്ട് എസ്.സി.പി 10,00,000/-രൂപ + ധനകാര്യ കമ്മീഷൻ ഗ്രാന്റ് 10,000/-രൂപ)

ചെലവ് -10,10,000/-രൂപ

(വികസന ഫണ്ട് എസ്.സി.പി 10,00,000/-രൂപ + ധനകാര്യ കമ്മീഷൻ ഗ്രാന്റ് 10,000/-രൂപ)

എ) സ്കോളർഷിപ്പ് ഇനത്തിൽ 10,000/-രൂപ രൂപ അധികം അനുവദിച്ച -ചെലവ് നിരാകരിക്കുന്നു

ബിൽ നം 02/30-07-2021= 1,90,000/-രൂപ

(G.N.M) ജനറൽ നഴ്സിങ് ആൻഡ് മിഡ് വേഫറി കോഴ്സ് ഒരു ഡിപ്ലോമ കോഴ്സ് ആകയാൽ 14.02.2018 ലെ സ.ഉ.കൈ.നം 22/2018.ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം പ്രസ്തു കോഴ്സ് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 15,000/- രൂപ സ്കോളർഷിപ്പിനാണ് അർഹത. എന്നാൽ (G.N.M) കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് B.SC Nursing പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന 20,000/- രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചു.

| പേര് | കോഴ്സ് | അനുവദിച്ച | അധികം |
|---|---|---|---|

| | | തുക (₹) | അനുവദിച്ച തുക (₹) |
|---|---|---|---|
| മീന എം.ആർ മീന ഭവൻ ആനക്കോട്ടൂർ | 112/21/SNA- Dt.30/07/2021 Govt.School Of Nursing Asramam പ്രകാരം 3-ാം വർഷ (G.N.M) കോഴ്സ് പഠിക്കുന്നു | 20,000/- | 5,000/- |
| അശ്വതി രാജ് കൊല്ലകുന്നിൽ കൊട്ടറ | 002/BC/susn/2020-21Dt 12-05-2021 , Sri Venketeswara School Of Nursing Bengaluru പ്രകാരം 3-ാം വർഷ (G.N.M) കോഴ്സ് പഠിക്കുന്നു | 20,000/- | 5,000/- |
| | | ആകെ | 10,000/- |

അർഹതപ്പെട്ടതിലും അധികമായി-10,000/- രൂപ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/23-02-2023) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. നിർവഹണോദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കുവരുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | 21.02.2023 | കെ.എസ്.എ.കെ.എൽ.എം.പി6/349/2023 തീയതി 28.03.2023 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തിയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| KWA | സൈനിത്തിമൂട് പട്ടികജാതി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, ഗാർഹിക കണക്ഷൻ നൽകലും | RB102522694169/ 24.01.22 | 16,65,300/- | 9,83,280/- | 6,82,020/- |
| KWA | കോട്ടേക്കുന്ന് കുടിവെള്ള പദ്ധതി | RB10332286519292/ 02.01.2022 | 25,00,000/- | 8,32,362/- | 1,66,763/- |
| Ground Water Department | ബ്ലോക്ക് പഞ്ചായത്ത് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും | 2104016306301407498/ 22.03.2022 | 3,06,000/- | - | 3,06,000/- |
| Ground Water Department | കൊഴുവും പാറ കുടിവെള്ള പദ്ധതി | XVFC/2021-22/P19 / 24.02.2022 | 7,00,000/- | - | 7,00,000/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി-യുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| I.A.Y.ഭവന പദ്ധതി | ഉത്തരവ്(സാധാ) 2627/2012 /തസ്വഭവ, 18.9.12 | 1,07,20,488/- | 96,49,643/- (2020-21 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 4,39,725/- | 7,29,865/- | 92,09,918/- |

*വായ്പ തിരിച്ചടവ് സംബന്ധിച്ച കണക്കുകളിലെ അപാകത ഖ 1.23 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3-23 | 2001-02 | 1-4 | അംഗൻവാടികളിലേയ്ക്ക് ബേബി ചെയർ വാങ്ങിയത് ക്രമവിരുദ്ധം | |
| വിഷയാധിഷ്ഠിത അവലോകനം | - | 2014-15 | 4.1.5 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിഷ്ക്രിയാസ്തികൾ നെടുമൺകാവ് സി.എച്ച്.സിയ്ക്ക് 2011-12 ൽ 5,11,682/- രൂപ ചെലവിട്ട് ആംബുലൻസ് വാങ്ങിയത് നാശോന്മുഖമാണ്. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 17,010/- | ശ്രീമതി. സുനില എൻ എസ്, അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 5,910/- | ഡോ.സുനിത, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി നെടുമൺകാവ്) |
| 3-3 | | 10,000/- | ശ്രീ. സച്ചിൻദാസ് ആർ, എസ്.സി.ഡി.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1,83,147/- | ഡോ.സുനിത, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-14 | 8,91,000/- | ശ്രീ അജയ് രാജ്, സെക്രട്ടറി |
| 1-15 | 14,89,438/- | ശ്രീ.സച്ചിൻദാസ് എസ്.ആർ, പട്ടികജാതി വികസന ഓഫീസർ |
| 1-16 | 2,03,000/- | ശ്രീ അജയ് രാജ്, സെക്രട്ടറി |
| 1-18 | 1,65,000/- | ശ്രീ.സച്ചിൻദാസ് എസ്.ആർ, പട്ടികജാതി വികസന ഓഫീസർ |
| 1-20 | 2,33,217/- | ശ്രീ സുരേഷ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 2,88,477/- | ശ്രീ സുരേഷ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അജയ് രാജ്, സെക്രട്ടറി | പേഴ്സണൽ സ്റ്റാഫ്, കൊല്ലം കോർപ്പറേഷൻ മേയർ | ശ്യാം നിവാസ്, ഇളമാട് പി ഒ, ആയൂർ |
| ഡോ.സുനിത, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, നെടുമൺകാവ്) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നെടുമൺകാവ് | കുന്നുവിള വടക്കതിൽ, വാക്കനാട് പി ഒ, നെടുമൺകാവ്, കൊല്ലം |
| ശ്രീമതി. സുനില എൻ എസ് അസ്സിസ്റ്റന്റ് എഞ്ചിനീയർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | തേജസ്, ഇളമാട് പി. ഒ, ആയൂർ, കൊല്ലം |
| ശ്രീ. സുരേഷ് ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | ശ്രീ നിലയം, നെടുമൺകാവ്, കൊല്ലം |
| ശ്രീ.സച്ചിൻദാസ് എസ്.ആർ. പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | കരിക്കകത്തിൽ ഹൗസ്, കോട്ടപ്പുറം ഇളംപെഴുന്നൂർ പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2000-2001 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2001-2002 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2004-05 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |

| | |
|---|---|
| 2005-06 | കെ.എസ്.എ കെഎൽ എംപി6 /176 /18 തീ. 07-02-2018 |
| 2006-07 | LFQ(DB)1376(5)/14/23.06.14 |
| 2007-08 | LFQ(DB)1376(4)/14/23.06.14 |
| 2008-09 | LFQ(DB)1376(3)/14/23.06.14 |
| 2009-10 | LFQ(DB)1376(2)/14/23.06.14 |
| 2010-11<br>2011-12 | കെ.എസ്.എ.കെ.എൽ എം.പി.6/അദാലത്ത്/2010-11&2011-12/1612/22 തീയതി 29.08.22 |
| 2012-13<br>2013-14 | കെ.എസ്.എ.കെ.എൽ എം.പി.6/അദാലത്ത്/2012-13 &2013-14/1612/22 തീയതി 29.08.22 |
| 2014-2015 | കെ.എസ്.എ.കെ.എൽ എം.പി.6/അദാലത്ത്/2014-2015/1612/22 തീയതി 29.08.22 |
| 2015-16 | കെ.എസ്.എ.കെ.എൽ എം.പി.6/അദാലത്ത്/2015-16/1612/22 തീയതി 29.08.22 |
| 2016-17 | കെ.എസ്.എ.കെ.എൽ എം.പി.6/1982/2017, തീയതി. 27.11.17 |
| 2017-18 | കെ.എസ്.എ.കെ.എൽ എം.പി.6 286/19/4.4.19 |
| 2018-19 | കെ.എസ്.എ.കെ.എൽ എം.പി.6/1127/2020/ 13.01.2021 |
| 2019-20 | കെ.എസ്.എ.കെ.എൽ എം.പി.6/499/2022/ 28.06.2022 |
| 2020-21 | കെ.എസ്.എ.കെ.എൽ എം.പി.6/504/2022/04.07.22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.